# 41. ജനപ്രാതിനിധ്യ നിയമ ഭേദഗതി

ജനപ്രാതിനിധ്യ നിയമത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിനുള്ള രണ്ടു ബില്ലുകൾ ഡിസംബർ 13-ാം തീയതി പാർലമെൻറിൽ യൂനിയൻ നിയമമന്ത്രി ബി. ശങ്കരാനന്ദ് അവതരിപ്പിച്ചു. ഇവയിലൊന്ന് ഇരുപത്തൊന്നു വയസ്സിൽ കുറയാത്തവർക്കുമാത്രം വോട്ടവകാശം നൽകുന്ന ഭരണഘടനയുടെ 326-ാം വകുപ്പിൽ ഭേദഗതി വരുത്താനുദ്ദേശിച്ചുള്ള 'ഭരണഘടനാ (62-ാം ഭേദഗതി) ബിൽ' ആണ്. പാർലമെൻറിലേക്കും സംസ്ഥാനനിയമസഭകളിലേക്കും ഉള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടർ ആയി രജിസ്റ്റർചെയ്യുന്നതിനുള്ള പ്രായം ഇപ്പോൾ നിലവിലുള്ള ഇരുപത്തൊന്നു വയസ്സിൽനിന്ന് പതിനെട്ടു വയസ്സായി കുറയ്ക്കുകയാണ് ഈ ഭേദഗതിയുടെ ലക്ഷ്യം. '1988-ലെ ജനപ്രാതിനിധ്യ നിയമ ഭേദഗതി ബിൽ' എന്ന പേരിലറിയപ്പെടുന്ന രണ്ടാമത്തെ ബിൽ, തെരഞ്ഞെടുപ്പു സംബന്ധിച്ച കാര്യങ്ങൾക്കു നിയോഗിക്കപ്പെടുന്ന കേന്ദ്ര-സർക്കാർ-ഉദ്യോഗസ്ഥന്മാരെ നിശ്ചിതകാലത്തേക്കു പൂർണമായും തിരഞ്ഞെടുപ്പു കമ്മീഷന്റെ നിയന്ത്രണത്തിലാക്കാനും ചിലതരം കുറ്റങ്ങൾക്കു ശിക്ഷിക്കപ്പെട്ടവരെ തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളായി നില്ക്കുന്നതിൽനിന്നു വിലക്കുവാനും രാഷ്ട്രീയപ്പാർട്ടികളെ തെരഞ്ഞെടുപ്പു കമ്മീഷനെക്കൊണ്ട് രജിസ്റ്റർചെയ്യിക്കുവാനും ചില പ്രത്യേക നിയോജകമണ്ഡലങ്ങളിൽ ആകെ വോട്ടർമാരുടെ പത്തു ശതമാനമോ പത്തു വോട്ടർമാരോ നാമനിർദ്ദേശംചെയ്യാത്തവരെ സ്ഥാനാർത്ഥികളായി അംഗീകരിക്കാതിരിക്കുവാനും തെരഞ്ഞെടുപ്പിന് വോട്ടിങ് (ഇലക്ട്രോണിക്) യന്ത്രങ്ങൾ ഉപയോഗിക്കുവാനും തെരഞ്ഞെടുപ്പ് തടസ്സപ്പെടുത്തുന്ന ബൂത്ത് പിടിച്ചടക്കൽ, വോട്ടർമാരെ ഭീഷണിപ്പെടുത്തൽ മുതലായ കുറ്റങ്ങൾക്ക് ഇപ്പോഴുള്ള ശിക്ഷ വർദ്ധിപ്പിക്കുവാനും വ്യവസ്ഥചെയ്യുന്നു.

ഈ ബില്ലുകളിലൂടെ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് വോട്ടർമാരുടെ പ്രായപരിധി പതിനെട്ടു വർഷമായി കുറയ്ക്കുന്നതുതന്നെയാണ്. ഈ പരിഷ്കാരം അംഗീകരിക്കപ്പെട്ടാൽ അതിന്റെ ഫലമായി അടുത്ത പൊതുതെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പുതുതായി നാലുകോടി എഴുപതുലക്ഷം യുവജനങ്ങളുടെ പേരുകൾ ചേർക്കേണ്ടതായിവരും. ഇതിനുമാത്രം ഒന്നരക്കോടി രൂപയോളം അധികമായി ചെലവുചെയ്യേണ്ടിവരുമെന്നു കണക്കാക്കിയിരിക്കുന്നു. വോട്ടർമാരുടെ എണ്ണം കൂടുന്ന തോതിന് തിരഞ്ഞെടുപ്പു സംബന്ധിച്ച മറ്റു പല പ്രവർത്തനങ്ങൾക്കും ചെലവു വർദ്ധിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല.

'സാക്ഷരരും ഉദ്ബുദ്ധരും വളരെയേറെ രാഷ്ട്രീയബോധമുള്ളവരുമാണ് ഇന്നത്തെ യുവാക്കൾ. വോട്ടിങ് പ്രായം ചുരുക്കുന്നതുമൂലം, ഇന്ന് വോട്ടവകാശമില്ലാത്ത യുവാക്കൾക്കുകൂടി തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാനും രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമായിത്തീരാനും അവസരം ലഭിക്കും' എന്നാണ് 'ഭരണഘടനാ (62-ാം ഭേദഗതി) ബില്ലി'ന്റെ ഉദ്ദേശപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്.

കേരളത്തിൽ, വടക്കൻ പറവൂരിൽ നടന്ന ഒരു ഉപതെരഞ്ഞെടുപ്പിൽ വോട്ടിങ് യന്ത്രങ്ങൾ ഉപയോഗിച്ചതിനെ തുടർന്ന് ഉത്ഭവിച്ച കേസ്സിൽ, നിലവിലുള്ള വോട്ടിങ് സമ്പ്രദായം മാറ്റുന്നതിന് അധികാരം തെരഞ്ഞെടുപ്പു കമ്മീഷന് ഇല്ലെന്ന് നാലു വർഷം മുമ്പ് സുപ്രീംകോടതി വിധിക്കുകയുണ്ടായി. തെരഞ്ഞെടുപ്പു ഫലപ്രഖ്യാപനം ത്വരിതമാക്കുന്നതിനും തെരഞ്ഞെടുപ്പിലെ പലതരം അഴിമതികൾ ഒഴിവാക്കുന്നതിനും ചെലവുകൾ കുറയ്ക്കുന്ന

തിനും വോട്ടിങ് യന്ത്രങ്ങളുടെ ഉപയോഗം സഹായകമാകുമെന്നതു് നിസ്തർക്കമാണ്. ഇക്കാരണത്താലാണ് 'ജനപ്രാതിനിധ്യ നിയമഭേദഗതി (1988) ബില്ലി'ൽ, തെരഞ്ഞെടുപ്പിൽ വോട്ടിങ് യന്ത്രങ്ങൾ ഉപയോഗിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളതു്. തെരഞ്ഞെടുപ്പ് പൂർണമായും വോട്ടിങ് യന്ത്രങ്ങൾ ഉപയോഗിച്ച് ആക്കണമെങ്കിൽ അതിന് ഇരുനൂറ്റമ്പതു കോടി രൂപയോളം ചെലവഴിക്കേണ്ടിവരുമെന്ന കണക്കാക്കിയിരിക്കുന്നു. തെരഞ്ഞെടുത്ത നൂറ്റമ്പതു നിയോജകമണ്ഡലങ്ങളിൽ വോട്ടിങ് യന്ത്രങ്ങൾ ഉപയോഗിക്കാനും മറ്റു പ്രദേശങ്ങളിൽ വോട്ടിങ് യന്ത്രങ്ങളുടെ ഉപയോഗം പടിപടിയായി നടപ്പിൽ വരുത്താനുമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നതു്.

ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ ഏറെക്കുറെ മുഴുവനും പാർട്ടി അടിസ്ഥാനത്തിലാണെങ്കിലും നമ്മുടെ ഭരണഘടനയിൽ പാർട്ടികളെപ്പറ്റി ഒരു പ്രസ്താവനയും ഇല്ല. 1985–ൽ പാസ്സാക്കിയ കൂറുമാററ നിരോധനബില്ലിലാണ് ആദ്യമായി നിയമസഭയിലെ പാർട്ടികൾക്ക്, ചില പ്രത്യേക ആവശ്യങ്ങൾക്കായി അംഗീകാരം നൽകപ്പെട്ടതു്. പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് ചിഹ്നങ്ങൾ ഏർപ്പാടുചെയ്യുന്നതു് തെരഞ്ഞെടുപ്പു കമ്മീഷന്റെ ഉത്തരവുകളിലൂടെയാണ്. ഈ ആവശ്യത്തിനുവേണ്ടിയും പാർട്ടികളുടെ നിലനില്പ് അംഗീകരിക്കപ്പെട്ടിരുന്നു. പുതിയ 'ജനപ്രാതിനിധ്യ നിയമഭേദഗതികളിൽ' രാഷ്ട്രീയപ്പാർട്ടികൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുണ്ട്. ഈ നിയമം നടപ്പിൽ വരുന്ന തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം ഇപ്പോഴുള്ള പാർട്ടികളും രൂപവൽക്കരിക്കപ്പെട്ട് അറുപതു ദിവസങ്ങൾക്കകം ഇനിയുണ്ടാകുന്ന പാർട്ടികളും രജിസ്ട്രേഷന് അപേക്ഷിക്കണം. ഇങ്ങനെ അപേക്ഷിക്കുന്ന പാർട്ടികൾ ചില നിശ്ചിതവിവരങ്ങൾ നൽകുന്നതിനുപുറമേ ഇന്ത്യൻ ഭരണഘടനയിൽ വിശ്വാസവും അതിനോടു കൂറും പ്രഖ്യാപിക്കണം; സോഷ്യലിസം, മതനിരപേക്ഷത, ജനാധിപത്യം എന്നീ സിദ്ധാന്തങ്ങളിലും ഇന്ത്യയുടെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവയിലും വിശ്വാസം രേഖപ്പെടുത്തണം. ഇതിനർത്ഥം വർഗീയകക്ഷികൾക്കും വിഘടനവാദി കക്ഷികൾക്കും രജിസ്ട്രേഷൻ ലഭിക്കുകയില്ലെന്നും തൽഫലമായി തെരഞ്ഞെടുപ്പിനു നിൽക്കാൻ അർഹതയുണ്ടാവില്ലെന്നുമാണോ? അറിഞ്ഞുകൂടാ. ഏതായാലും, 'ജനപ്രാതിനിധ്യ നിയമ ഭേദഗതി ബില്ലിൽ 'പാർട്ടികളുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വ്യവസ്ഥകൾ വാശിയേറിയ വാദപ്രതിവാദത്തിന് വിഷയമായിക്കൂടായ്കയില്ല. രജിസ്ട്രേഷന് അപേക്ഷിക്കുന്ന പാർട്ടികളുടെ വരവുചെലവുകണക്കുകൾ പ്രഖ്യാപിക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കാത്തതിനാൽ തെരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ സ്വാധീനം, അല്പമെങ്കിലും കുറയ്ക്കുന്നതിന് പാർട്ടികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉപകരിക്കുകയില്ല എന്നുകൂടി പറയേണ്ടതുണ്ട്.

തെരഞ്ഞെടുപ്പു ഡ്യൂട്ടിയിലേർപ്പെട്ട കേന്ദ്ര–സ്റ്റേററ് ഉദ്യോഗസ്ഥന്മാരെ നിശ്ചിതകാലഘട്ടത്തിൽ കമ്മീഷനിലേക്ക് 'ഡെപ്യൂട്ട്' ചെയ്യപ്പെട്ടവരായി കണക്കാക്കുന്നതിനുള്ള വ്യവസ്ഥ അവർക്കിടയിൽ കൂടുതൽ അച്ചടക്കവും നിഷ്പക്ഷമായ പെരുമാററവും ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ചുള്ളതാണ്.

മതം, വർഗം, പ്രദേശം, ഭാഷ മുതലായവയുടെ അടിസ്ഥാനത്തിൽ ജനവിഭാഗങ്ങൾക്കിടയിൽ കലാപം കത്തിച്ചുവിടുക, തെരഞ്ഞെടുപ്പു സംബന്ധിച്ച പലതരം കുററങ്ങൾ ചെയ്യുക, സ്ത്രീകൾക്കെതിരെ പലമാതിരി ക്രൂരകൃത്യങ്ങൾ അനുഷ്ഠിക്കുക, അയിത്തം ആചരിക്കുക, നിയമവിരുദ്ധസംഘടനകളിൽ അംഗങ്ങളായിരിക്കുക, അത്തരം സംഘടനകളുടെ പണം കൈകാര്യം ചെയ്യുക, മയക്കുമരുന്നു വ്യാപാരം നടത്തുക, ഭീകരപ്രവർത്തനങ്ങളിലേർപ്പെടുക, ഭക്ഷ്യവസ്തുക്കളിലും ഔഷധങ്ങളിലും മായം കലർത്തുക, സ്ത്രീധന–നിരോധ നിയമവും സതി–നിരോധ നിയമവും ലംഘിക്കുക മുതലായ കുററങ്ങൾ ചെയ്തതിന്റെ പേരിൽ ആറു മാസമോ അധികമോ തടവുശിക്ഷ ലഭിച്ചവർക്ക്, ജയി

ലിൽനിന്നു വിട്ടുവന്നശേഷം ആറു വർഷത്തേക്കു തെരഞ്ഞെടുപ്പിനു നിൽക്കാൻ അർഹതയുണ്ടായിരിക്കുകയില്ലെന്നു ജനപ്രാതിനിധ്യ നിയമഭേദഗതി ബില്ലിൽ വ്യവസ്ഥയുണ്ട്.

മററു കററങ്ങൾക്കു് രണ്ടു വർഷത്തിൽ കുറയാതെ തടവുശിക്ഷ വിധിക്കപ്പെട്ടവരും ജയിലിൽനിന്നു മോചനത്തിനുശേഷം ആറു വർഷത്തേക്കു് തെരഞ്ഞെടുപ്പിനു നിന്നുകൂടാ. ഈ വ്യവസ്ഥകളും വ്യത്യസ്തങ്ങളായ കാരണങ്ങളാൽ എതിർക്കപ്പെടാൻ സാദ്ധ്യതയുണ്ട്

ചില പ്രത്യേക നിയോജകമണ്ഡലങ്ങളിൽ പത്തു വോട്ടർമാരോ വോട്ടർമാരുടെ പത്തു ശതമാനമോ നാമനിർദേശം ചെയ്യാത്തവർ തെരഞ്ഞെടുപ്പിനു നിന്നുകൂടാ എന്ന വ്യവസ്ഥ തെരഞ്ഞെടുപ്പിനെ പ്രഹസനമാക്കി മാററുന്നതിനു വേണ്ടി 'ചുമ്മാ സ്ഥാനാർത്ഥിത്വം' പ്രഖ്യാപിക്കുന്നവരെ ഒഴിവാക്കാൻ ഉദ്ദേശിച്ചുള്ളതാണു്.

എതിർപാർട്ടികൾ നിർദേശിച്ചിരുന്ന പല തെരഞ്ഞെടുപ്പു പരിഷ്കാരങ്ങളും ഈ രണ്ടു ബില്ലുകളിലും ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ പാർട്ടികളുടെയും തെരഞ്ഞെടുപ്പുചെലവിൽ ഒരു പങ്കു് സർക്കാർ വഹിക്കണമെന്ന നിർദേശമാണു് ഇവയിൽ ഏററവും മുഖ്യം. കള്ളവോട്ടു് തടയുന്നതിനുവേണ്ടി വോട്ടർമാർക്കു് അവരുടെ ഫോട്ടോ ഒട്ടിച്ച പരിചയപത്രങ്ങൾ (ഐഡൻറിററി കാർഡുകൾ) നൽകണമെന്ന നിർദേശവും ഇതുപോലെതന്നെ അവഗണിക്കപ്പെട്ടിരിക്കുന്നു.

ചുരുക്കത്തിൽ ഇപ്പോൾ പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ട രണ്ടു ബില്ലുകളിലടങ്ങിയ തെരഞ്ഞെടുപ്പു പരിഷ്കാരങ്ങൾ ആരെയും തൃപ്തിപ്പെടുത്താൻ പര്യാപ്തമായേക്കുകയില്ല. അവയിലെ ചില നിർദേശങ്ങൾ കർശനമായ വിമർശനത്തിനു് വിഷയമാകാനും സാദ്ധ്യതയുണ്ടു്. വോട്ടർമാരുടെ പ്രായം ചുരുക്കാനും വോട്ടിങ്ങിനു് യന്ത്രങ്ങൾ ഉപയോഗിക്കാനുമുള്ള നിർദേശങ്ങൾ കാലോചിതങ്ങളും പുരോഗമനപരങ്ങളുമാണു്. സമൂഹവിരുദ്ധർ, വർഗീയവാദികൾ, കുററവാളികൾ മുതലായവരെ തെരഞ്ഞെടുപ്പു് പ്രക്രിയയിൽനിന്നു പുറംതള്ളുന്നതിനു് ഉദ്ദേശിച്ചു് ജനപ്രാതിനിധ്യ നിയമഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളിൽ പലതും സമഗ്രങ്ങളോ സുനിശ്ചിതങ്ങളോ അല്ല; ഉദ്ദിഷ്ടപ്രയോജനം അവയിൽനിന്നു പൂർണമായി ലഭിച്ചേക്കുകയുമില്ല. തെരഞ്ഞെടുപ്പിൽനിന്നു കള്ളപ്പണത്തിന്റെ സർവാധിപത്യം ഒഴിവാക്കുകയെന്ന പരമപ്രധാനമായ ലക്ഷ്യം; ഇപ്പോൾ നിർദേശിക്കപ്പെട്ട പരിഷ്കാരങ്ങൾ ഒന്നുംതന്നെ ഉൾക്കൊള്ളുന്നുമില്ല.

കുറിപ്പ്: ഈ രണ്ടു ബില്ലുകളും ലോക്സഭ പിന്നീട് പാസ്സാക്കിട്ടുണ്ട്.

( 9 ഡിസംബർ, 1988)

# 42. കേരളത്തിൽ ആരോഗ്യം

'അസ്വസ്ഥാഃ കേരളസ്ഥാഃ സ്വയമതി മൃദവ,
സ്ത്രചാഹം വിശേഷാൽ,
സർവേ ദൂരപ്രചാരേ ഖലുശിഥിലധിയഃ
കിം പുനർദേശ ഭേദേ? '

എന്നു് ക്രിസ്ത്വബ്ദം പതിനേഴാം നൂററാണ്ടിന്റെ ആരംഭത്തിൽ മേൽപുത്തൂർ നാരായണഭട്ടതിരി എഴുതി.

'കേരളത്തിലുള്ളവരുടെ ആരോഗ്യം പൊതുവെ തൃപ്തികരമല്ല. അദ്ധ്വാനം